SUNDAY 26/04/2026 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor: SINDHU. K S Editor: Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 26/04/2026

1. കേരള കാർഷിക സർവകലാശാലയുടെ തൃശ്ശൂർ വെള്ളാനിക്കര കാർഷിക കോളേജിലെ അലങ്കാര സസ്യകൃഷി വിഭാഗത്തിൽ വിവിധ മുന്തിയ ഇനം അലങ്കാര ചെടികൾ മിതമായ വിലയിൽ വില്പനയ്ക്ക് ഒരുക്കിയിട്ടുണ്ട്. വീടുകളും തോട്ടങ്ങളും മനോഹരമാക്കാൻ അനുയോജ്യമായ പൂച്ചെടികൾ, ഇലച്ചെടികൾ, സക്കുലന്റുകൾ, ഇൻഡോർ സസ്യങ്ങൾ എന്നിവ ഉൾപ്പെടുന്ന വൈവിധ്യമാർന്ന ശേഖരം ഇവിടെ ലഭ്യമാണ്. വിൽപ്പനയ്ക്ക് ഒരുക്കിയിരിക്കുന്ന പ്രധാന ഇനങ്ങളിൽ ചെമ്പരത്തി വകഭേദങ്ങൾ (മുളക് ചെമ്പരത്തി ഉൾപ്പെടെ), വിവിധ തരം ആമ്പലുകൾ, തെച്ചി ഇനങ്ങൾ , ക്രോട്ടണുകൾ, മുല്ല ഇനങ്ങൾ, മോർണിംഗ് ഗ്ലോറി, പെന്റാസ്, പാസിഫ്ലോറ, മണിമുല്ല, നന്തിയാർവട്ടം (മിനിയേച്ചർ), മുരായ, പോർട്ടുലാക്ക, വാട്ടർ റോസ്, ഗ്ലൈലാഡിയ, ഹൈബ്രിഡ് സിന്നിയ, ഹൈബ്രിഡ് സെലോസിയ, വാടാർമല്ലി, ലില്ലി എന്നിവ ഉൾപ്പെടുന്നു.ഇതിനുപുറമെ ഫിലോഡെൻഡ്രോൺ, മോൺസ്റ്റെറ, സിങ്കോണിയം, അലോക്കേഷ്യ, ഷെഫ്ലെറ, മോണ്ടോ ഗ്രാസ് , ഏഞ്ചൽ വിംഗ് കാലാഡിയം, അരേലിയ

ഇനങ്ങൾ, അഗ്ലോണിമ, കാക്ടസ്, സക്കുലന്റുകൾ, സാൻസ്‌വേരിയ സാൻസ്‌വേറിയ ഇനങ്ങൾ, ZZ ചെടി, പെപ്പറോമിയ, കാലേഡിയം,മണി പ്ലാന്റ്സ് , ഡ്രസീന ഇനങ്ങൾ, ബ്രോമീലിയാഡുകൾ, ഫേണുകൾ എന്നിവയും ലഭ്യമാണ്.കൂടാതെ വെള്ളത്തിള്ളി വള്ളി, ക്ളീറോഡെൻഡ്രം , ഗോൾഡൻ ക്രീപ്പർ , ക്രീപ്പിങ് മോൺസ്റ്റേറ, പീസ് ലില്ലി, പെഡിലാന്തസ് ഇനങ്ങൾ, വൈൽഡ് ആന്തൂറിയം, ചൈനീസ് ബാൽസം, അഡീനിയം, പ്ലുമേറിയ, ഗോൾഡൻ ഡെസ്മോഡിയം, പെടിയ, സ്യൂഡെറാ ന്തിമം ഇനങ്ങൾ തുടങ്ങിയവയും ശേഖരത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. **ഫോൺ:** +91 8547154010, +91 96075 85594.

## പരിശീലന പരിപാടി

2. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന **"സുരക്ഷിത ഭക്ഷണം നമ്മുടെ അവകാശം"** എന്ന വിഷയത്തിലെ സൗജന്യ ഓൺലൈന് കോഴ്സിന്റെ പുതിയ ബാച്ച് 2026 **മെയ്** 14 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ കൈകാര്യം ചെയ്യുന്ന ഈ കോഴ്സിൽ പങ്കെടുക്കുവാൻ

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

താൽപ്പര്യമുള്ളവർക്ക് https://celkau.in/elearning/reg.php എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റര് ചെയ്യാം. മെയ് 24 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റും നൽകുന്നതാണ്. രജിസ്റ്റര് ചെയ്തവർക്ക് **മെയ് 14** മുതൽ യൂസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺനമ്പർ 0487-2438566.

3. ജൈവ വളങ്ങളുടെയും ജൈവ കീടനാശിനികളുടെയും നിർമാണം എന്ന വിഷയത്തിൽ ഈ മാസം 27ന് രാവിലെ ഒമ്പതു മുതൽ വെള്ളായണി കാർഷിക കോളജിലെ സെന്റർ ഫോർ അഗ്രിക്കൾച്ചറൽ ഇന്നോവേഷൻസ് ആൻഡ് ടെക്നോളജി ട്രാൻസ്ഫറിൽ പരിശീലന പരിപാടി സംഘടിപ്പിക്കും. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 40 പേർക്ക്

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മാത്രമാണ് അവസരം. പരിശീലന ഫീസ് 500 രൂപ. . രജിസ്റ്റർ ചെയ്യാനും കൂടുതൽ വിവരങ്ങൾക്കുമായി 8891540778 എന്ന വാട്സ്ആപ് നമ്പറിൽ ഓഫീസ് സമയത്ത് ബന്ധപ്പെടുക.

## 4. കാർഷിക നിർദേശം

കേരളത്തിൽ താപനില ഉയർന്നു തന്നെ നിൽക്കുകയാണ്. ഈ പശ്ചാത്തലത്തിൽകാർഷികരംഗത്ത് അനുവർത്തിക്കാവുന്ന മുൻകരുതലുകളും പരിപാലന മുറകളും പ്രതിപാദിക്കുന്നു. കാർഷിക പ്രവർത്തനങ്ങൾ പകൽ 12 മുതൽ 3 വരെയുള്ളസമയത്ത്ഒഴിവാക്കേണ്ടതാണ്. രാസകീടനാശിനികൾ ഒരു കാരണവശാലും ഈ സമയത്ത് പ്രയോഗിക്കാൻ പാടുള്ളതല്ല.

ഭൂമിക്ക്ആവരണം എന്ന നിലയ്ക്ക്ഉണങ്ങിയതെങ്ങോലകൾ, തൊണ്ട്, വിളഅവശിഷ്ടങ്ങൾഎന്നിവ ഉപയോഗിച്ച് പുതയിടുന്നത് അനുവർത്തിക്കേണ്ടതാണ്. മണ്ണിലുള്ള ഈർപ്പം നഷ്ടപ്പെടാതിരിക്കുന്നതിന് സഹായകരമാകുന്നവിധം ഒരു പുതപ്പിന്റെ ധർമ്മം നിർവ്വഹിക്കുകയാണ്ഇത്ചെയ്യുന്നത്. ബാഷ്പീകരണംമൂലം ജലം നഷ്ടപ്പെട്ടുപോകുന്നതുംഇതുമൂലം പരിമിതപ്പെടുന്നു. ജൈവാവശിഷ്ടങ്ങൾ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഒരു കാരണവശാലുംകത്തിക്കരുത്. തീയിടുന്നത്അന്തരീക്ഷ താപനിലയുംമണ്ണിലെതാപനിലയും ക്രമാതീതമായിഉയരുന്നതിനും അനുബന്ധ പ്രശ്നങ്ങൾക്കുംഇടയാക്കും. ചപ്പുചവറുകൾ പുതയിടീലിനായി മാത്രം ഉപയോഗിക്കുക.

വേനൽക്കാല ഉഴവ് – മേൽമണ്ണ്ചെറുതായി ഇളക്കിയിടുന്നതുവേനൽമഴയിൽ നിന്നുംലഭിക്കുന്ന ജലം മണ്ണിൽതന്നെ സംഭരിച്ച് നിർത്താനുള്ള നല്ലൊരുമാർഗ്ഗമാണ്. ഇതിനായി തെങ്ങിൻതോപ്പുകളിലും മറ്റുംവേനൽക്കാലഉഴവ് അനുവർത്തിക്കാം. വേനൽമഴ ലഭിച്ചതിനുശേഷം പയർവർഗ്ഗ വിളകൾ വിതയ്ക്കുന്നതും ഏറെ ഗുണം ചെയ്യും.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം